# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 633 28.09.16 -ൽ മറുപടിക്ക്

## കടൽഭിത്തി നിർമ്മാണം

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

(എ) കടലാക്രമണം രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ പുനർ നിർമ്മിക്കുന്നതിനും, പുതിയ ഭിത്തികൾ പണിയുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവർത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി**

മാത്യു ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) മാട്ടൂൽ, മാടായി ഭാഗത്ത് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ മൂന്ന് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നീരൊഴുക്കുംചാലിലെ ചെ.100/400 കി.മീ.നും 100/550 കി.മീ.നും ഇടയിലുള്ള സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി എസ്.ഡി.ആർ. എഫിൽ ഭരണാനുമതി നൽകിയ 40 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ, നീരൊഴുക്കുംചാലിൽ ചെ.100/200 കി.മീ. മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി ടെൻഡർ ചെയ്യുെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണ മൊന്നുമില്ലാത്തതിനാൽ റീടെൻഡർ ചെയ്യുന്നതിനുള്ള തുടർനടപടികൾ നടന്നു വരുന്നു.

മാടായി പഞ്ചായത്തിലെ നീരൊഴുക്കും ചാലിൽ ചെ. 100/265 കി.മീറ്ററിനും 100/325 കി.മീറ്ററിനും ഇടയിലുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2 തവണ ടെൻഡർ ചെയ്തപ്പോൾ കരാറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായില്ല. മൂന്നാമത്തെ തവണ ടെൻഡർ ചെയ്തു. തുടർനടപടികൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ മാടായി പഞ്ചായത്തുകളിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന നീരൊഴുക്കുംചാൽ, കക്കാടൻചാൽ, വാവുവളപ്പിൽ തോട്, മാട്ടൂൽ സൗത്ത് എന്നീ പ്രദേശങ്ങളിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 964 ലക്ഷം രൂപയുടെ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റും ചൂട്ടാട് പുതിയങ്ങാടി ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 281 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | കടലാക്രമണം തടയുന്നതിനുള്ള തീര സംരക്ഷണ പ്രവർത്തികൾ സംബന്ധിച്ച സി.ഡബ്ല്യു.പി.ആർ.എസ്സി ന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സി.ഡബ്ല്യു.പി.ആർ.എസ്സ് (സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ) തിരുവനന്തപുരം കൊല്ലം ജില്ലകളിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ കരട് പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ